"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

ക്യു.ഐ.പി.1/11430/2023/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 27-09-2024

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - സ്കൂൾ പ്രവർത്തന സമയങ്ങളിൽ സ്കൂളുകളിൽ കുട്ടികളുടെ പഠനം തടസ്സപ്പെടുത്തികൊണ്ട് പി.ടി.എ, എസ്.എം.സി, സ്റ്റാഫ് മീറ്റിങ്ങുകൾ, മറ്റ് മീറ്റിങ്ങുകൾ നടത്തുവാൻ പാടില്ലെന്ന നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന :- 1. 25.06.2007 ലെ സ.ഉ (കൈ) നം. 126/2007/പൊ.വി.വ നം ഉത്തരവ്.
2. ഈ കാര്യാലയത്തിലെ 15.09.2022 ലെ ഡി.ജി.ഇ/11055/2022-എച്ച് 1 നമ്പർ പരിപത്രം.

പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന വിദ്യാലയങ്ങളിൽ കുട്ടികളുടെ പഠനസമയം തടസ്സപ്പെടുത്തികൊണ്ട്, സ്കൂൾ പി.ടി.എ, എസ്.എം.സി, സ്റ്റാഫ് മീറ്റിംഗ് എന്നിവ സംഘടിപ്പിക്കുന്നതായും, ഇതുവഴി കുട്ടികൾക്ക് നിശ്ചിത പഠന സമയത്തിൽ നഷ്ടമുണ്ടാകുന്നതായും ചൂണ്ടികാട്ടി നിരവധി പരാതികൾ ലഭ്യമായിരിക്കുന്നു.

സ്കൂൾ അദ്ധ്യയന ദിനങ്ങൾ കുട്ടികൾക്ക് അവരുടെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾക്കായി പൂർണമായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. യോഗങ്ങളും മറ്റ് പരിപാടികളും ഉൾപ്പെടെ കുട്ടികളുടെ അദ്ധ്യയനം നഷ്ടമാകുന്ന തരത്തിലുള്ള യാതൊരു നടപടികളും സ്കൂൾ പ്രവർത്തന സമയങ്ങളിൽ നടത്തുന്നത് ഉചിതമല്ല.

ഈ സാഹചര്യത്തിൽ പി.ടി.എ, എസ്.എം.സി, സ്റ്റാഫ് മീറ്റിംഗ്, യാത്ര അയപ്പ് ചടങ്ങുകൾ, മറ്റ് സ്കൂൾ പ്രവർത്തങ്ങളുമായി ബന്ധപ്പെട്ട മീറ്റിങ്ങുകൾ ഉടങ്ങിയവ സ്കൂൾ പ്രവൃത്തി സമയത്തിന് മുൻപോ സ്കൂൾ പ്രവൃത്തി സമയത്തിന് ശേഷമോ നടത്തേണ്ടതാണ് എന്ന് കർശന നിർദ്ദേശം നൽകുന്നു. അടിയന്തിര പ്രാധാന്യമുള്ള മീറ്റിങ്ങുകൾ സ്കൂൾ പ്രവൃത്തി സമയത്ത് നടത്തുകയാണെങ്കിൽ വിദ്യാഭ്യാസ ഓഫീസറുടെ അനുമതി നേടേണ്ടതും നഷ്ടപെട്ട സമയത്തിന് പകരമായി മറ്റൊരു സമയം കണ്ടെത്തേണ്ടതുമാണ്. ഈ നിർദ്ദേശം കർശനമായും പാലിക്കപ്പെടുന്നുണ്ടെന്ന് വിദ്യാഭ്യാസ ഓഫീസർമാർ പരിശോധനകളിൽ ഉറപ്പുവരുത്തേണ്ടതാണ്.

Signed by
Shanavas S
Date: 27-09-2024 12:58:26
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
2. എല്ലാ ജില്ലാ / ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
3. എല്ലാ സ്കൂൾ പ്രധാനാധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

പകർപ്പ്:

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ (പി എ മുഖാന്തിരം)
2. പൊതുവിദ്യാഭ്യാസ അഡിഷണൽ ഡയറക്ടർ (ജനറൽ & അക്കാദമിക്) (സി.എ മുഖാന്തരം)
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കൈറ്റ്, പൂജപ്പുര (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
4. എല്ലാ സെഷൻ സൂപ്രണ്ടുമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്)